"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- തൃശ്ശൂർ കോർപ്പറേഷൻ - കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ ഉദ്യോഗസ്ഥർ കെട്ടിടങ്ങൾക്ക് നമ്പരിട്ട് കൊടുത്തത് കാരണം സർക്കാരിന് നികുതിയിനത്തിൽ നഷ്ടമുണ്ടാകുന്നു എന്ന ആരോപണം - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണ റിപ്പോർട്ട്- ആരോപണ വിധേയരായ ഉദ്യോഗസ്ഥർക്കെതിരെ ആരംഭിച്ച അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.2274/2023/LSGD തീയതി,തിരുവനന്തപുരം, 18-11-2023

---

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 01.06.2021 തീയതിയിലെ ഇ11(പി.ഇ25/2020/ടി.എസ്.ആർ)39030/19 നമ്പർ കത്ത്
2. ആരോപണ വിധേയരായ സൂപ്രണ്ട് ശ്രീ.ജയകുമാർ.വി , സൂപ്രണ്ട് ശ്രീ.പോൾ.ടി.ജെ , റവന്യൂ ഇൻസ്പെക്ടർ ശ്രീ.സുരേഷ് കുമാർ എ, മുൻ റവന്യൂ ഇൻസ്പെക്ടർ ശ്രീ.ബെന്നി.ഇ.ഡി, മുൻ റവന്യൂ ഇൻസ്പെക്ടർ ശ്രീ.സുരേഷ് ബാബു.പി, മുൻ സൂപ്രണ്ട് ശ്രീമതി.നന്ദിനി.എം.വി, എന്നിവർക്കെതിരായ 07.10.2022 തീയതിയിലെ ഇയു2/162/2022/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക.
3. വിരമിച്ച സൂപ്രണ്ടുമാരായ ശ്രീ.പി.എസ്.ആനന്ദൻ, ശ്രീ.ദേവരാജൻ എന്നിവർക്കെതിരായ 07.10.2022 തീയതിയിലെ ഇയു2/162/2022/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
4. കുറ്റാരോപണ മെമ്മോയ്ക്ക് സൂപ്രണ്ട് ശ്രീ.ജയകുമാർ.വി , സൂപ്രണ്ട് ശ്രീ.പോൾ.ടി.ജെ , റവന്യൂ ഇൻസ്പെക്ടർ ശ്രീ.സുരേഷ് കുമാർ എ, മുൻ റവന്യൂ ഇൻസ്പെക്ടർ ശ്രീ.ബെന്നി.ഇ.ഡി, പി, മുൻ സൂപ്രണ്ട് ശ്രീമതി.നന്ദിനി.എം.വി എന്നിവർ യഥാക്രമം 29.11.2022, 01.12.2022 , 28.11.2022, 07.12.2022, 10.01.2023 എന്നീ തിയതികളിൽ സമർപ്പിച്ച മറുപടി.
5. മുൻ റവന്യൂ ഇൻസ്പെക്ടർ ശ്രീ.സുരേഷ് ബാബു.പി കുറ്റാരോപണ മെമ്മോയ്ക്ക് സമർപ്പിച്ച മറുപടി.
6. കാരണം കാണിക്കൽ നോട്ടിസിന് വിരമിച്ച സൂപ്രണ്ടുമാരായ ശ്രീ.പി.എസ്.ആനന്ദൻ, ശ്രീ.ദേവരാജൻ എന്നിവർ യഥാക്രമം 21.07.2023, 13.12.2022 തീയതികളിൽ സമർപ്പിച്ച വിശദീകരണം.
7. പ്രിൻസിപ്പൽ ഡയറക്ടറുടെ 19.10.203 തീയതിയിലെ LSGD/PD/4808/2023-VIGC5 നമ്പർ കത്ത്.

<u>ഉത്തരവ്</u>

തൃശ്ശൂർ കോർപ്പറേഷൻ ഓഫീസിലെ റവന്യൂ വിഭാഗത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ ഉദ്യോഗസ്ഥർ കെട്ടിടങ്ങൾക്ക് നമ്പരിട്ട് കൊടുത്തത് കാരണം സർക്കാരിന് നികുതിയിനത്തിൽ നഷ്ടമുണ്ടാകുന്നതായി കണ്ടെത്തി. ടി ക്രമക്കേടുകളിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പ്രാഥമിക അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അന്വേഷണത്തിൽ റവന്യൂ ഇൻസ്പെക്ടർ ശ്രീ.സുരേഷ് കുമാർ.എ, റവന്യൂ ഇൻസ്പെക്ടർ ശ്രീ.വേണുഗോപാൽ.ആർ , സൂപ്രണ്ട് ശ്രീ.പോൾ ടി.ജെ , സൂപ്രണ്ട് ശ്രീ.ജയകുമാർ.വി , റവന്യൂ ഇൻസ്പെക്ടർ ശ്രീ.സുരേഷ് ബാബു.പി , സൂപ്രണ്ട് ശ്രീ.ദിലീപൻ. എം.ജി , സൂപ്രണ്ട് ശ്രീമതി.നന്ദിനി എം.വി, റവന്യൂ ഓഫീസർ ശ്രീ.ഇ.ഡി.ബെന്നി , വിരമിച്ച സൂപ്രണ്ട് ശ്രീ.ദേവരാജൻ കെ , വിരമിച്ച സൂപ്രണ്ട് ശ്രീ.പി.എസ്.അനന്തൻ , വിരമിച്ച സൂപ്രണ്ട് ശ്രീമതി.ലിസ്സി.എസ് എന്നിവർ കുറ്റക്കാരണെന്ന് കണ്ടെത്തുകയും യഥാക്രമം ഒന്ന് മുതൽ എട്ട് വരെയുള്ള ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാനും യഥാക്രമം 9 മുതൽ 11 വരെയുള്ള ഉദ്യോഗസ്ഥർക്കെതിരെ KSR Part III Rule 59 (d) പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കാനും വിജിലൻസ് ഡയറക്ടർ പരാമർശം (1) പ്രകാരം ശിപാർശ ചെയ്തിരുന്നു.

2.വിജിലൻസ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ച യഥാക്രമം 1 മുതൽ 8 വരെയുള്ള ഉദ്യോഗസ്ഥർക്കെതിരെ കെ.സി.എസ്.(സി.സി.&എ) റൂൾ 16 പ്രകാരം നടപടി സ്വീകരിക്കുന്നതിനായി പരാമർശം (2) പ്രകാരം കുറ്റാരോപണമെമ്മോ/പത്രികയും യഥാക്രമം 9 മുതൽ 11 വരെയുള്ള ഉദ്യോഗസ്ഥർക്കെതിരെ KSR Part III Rule 59 (d) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിരുന്നു. തുടർന്ന് സൂപ്രണ്ട് ശ്രീ.ജയകുമാർ.വി , സൂപ്രണ്ട് ശ്രീ.പോൾ.ടി.ജെ , റവന്യൂ ഇൻസ്പെക്ടർ ശ്രീ.സുരേഷ് കുമാർ എ, മുൻ റവന്യൂ ഇൻസ്പെക്ടർ ശ്രീ.ബെന്നി.ഇ.ഡി, പി, മുൻ സൂപ്രണ്ട് ശ്രീമതി.നന്ദിനി.എം.വി, മുൻ റവന്യൂ ഇൻസ്പെക്ടർ ശ്രീ.സുരേഷ് ബാബു.പി എന്നിവർ പരാമർശം 4,5 പ്രകാരം കുറ്റാരോപണമെമ്മോ/പത്രികയ്ക്ക് മറുപടി നൽകുകയും വിരമിച്ച സൂപ്രണ്ടുമാരായ ശ്രീ.പി.എസ്.ആനന്ദൻ, ശ്രീ.ദേവരാജൻ എന്നിവർ പരാമർശം (6) പ്രകാരം കാരണം കാണിക്കൽ നോട്ടിസിന് മറുപടി നൽകുകയും ചെയ്തിരുന്നു. മേൽ മറുപടി/വിശദീകരണത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (7) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

3.സൂപ്രണ്ട് ശ്രീ.ജയകുമാർ.വി-യുടെ ഭാഗത്തുനിന്നും വിഴ്ച കണ്ടെത്തിയ മൂന്ന് ഫയലുകളിൽ സർക്കാരിനു സാമ്പത്തിക നഷ്ടം വരുത്തുന്നതിന് കാരണമായ നടപടികൾ ഒന്നും തന്നെ വന്നിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടില്ലാത്തതിനാൽ ടിയാന്റെ വിശദീകരണം പരിഗണിച്ച് അച്ചടക്ക നടപടി ഒഴിവാക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (7) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. സൂപ്രണ്ട് ശ്രീ.പോൾ.ടി.ജെ ഭാഗത്തുനിന്നും വിഴ്ച കണ്ടെത്തിയ ഏഴ് ഫയലുകളിൽ ഒറ്റത്തവണ നികുതി അടയ്ക്കേണ്ടതായ കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്ന വേളയിലോ പിന്നീടോ ടിയാൻ കെട്ടിട ഉടമകളെ കൊണ്ട് റിട്ടേൺ സമർപ്പിക്കുന്നതിനും നികുതി അടപ്പിക്കുന്നതിനുള്ള പരിശ്രമം നടത്തിയിട്ടുള്ളതായി ബോധ്യപ്പെടുന്നതാണെന്നും ആയതിനാൽ ഈ വിഷയത്തിൽ സർക്കാരിനു വരുമാന നഷ്ടം ഒന്നും ഉണ്ടായതായി ബോധ്യപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ ടിയാന്റെ മറുപടി പരിഗണിച്ച് അച്ചടക്ക നടപടി ഒഴിവാക്കാവുന്നതാണെന്നും പരാമർശം (7) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ

റിപ്പോർട്ട് ചെയ്യുന്നു.

4.റവന്യൂ ഇൻസ്പെക്ടർ ശ്രീ.സുരേഷ് കുമാർ.എ-യുടെ ഭാഗത്തുനിന്നും വിഴ്ച കണ്ടെത്തിയ ഫയൽ R4/DW/BA/403/15-16 പരിശോധിച്ചതിൽ ടിയാനിൽ നിന്നും സർക്കാരിനു വരുമാന നഷ്ടം സംഭവിക്കുന്നതിന് കാരണമായ വീഴ്ചകൾ ഒന്നും ഉണ്ടായിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടില്ലാത്തതാണെന്നും ആയതിനാൽ ടിയാന്റെ വിശദീകരണം അംഗീകരിച്ച് അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ ഒഴിവാക്കാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (7) പ്രകാരം റിപ്പോർട്ട് ചെയ്യുന്നു. മുൻ റവന്യൂ ഇൻസ്പെക്ടർ ശ്രീ.ബെന്നി.ഇ.ഡി-യുടെ വിഴ്ച കണ്ടെത്തിയ 6 ഫയലുകൾ പരിശോധിച്ചതിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായ നടപടികളോ വരുമാനനഷ്ടം ഉണ്ടാക്കുന്നതിനു കാരണമായ ബോധപൂർവ്വമായ വീഴ്ചകളോ ഉണ്ടായതായി ബോധ്യപ്പെട്ടിട്ടില്ലാത്തതാണെന്നും ടിയാന്റെ മുൻപുള്ള ഉദ്യോഗസ്ഥർ നമ്പർ അനുവദിച്ച കെട്ടിടങ്ങൾക്ക് പോലും നികുതി അടപ്പിക്കുന്നതിനു വേണ്ട നടപടികൾ ടിയാൻ കൈക്കൊണ്ടിട്ടുള്ളതാണെന്നും ആയതിനാൽ ടിയാന്റെ മറുപടി അനുഭാവപൂർവ്വം പരിഗണിച്ച് അച്ചടക്ക നടപടിയിന്മേൽ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും പരാമർശം (7) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

5.മുൻ റവന്യൂ ഇൻസ്പെക്ടർ ശ്രീ.സുരേഷ് ബാബു.പി -യുടെ ഭാഗത്തുനിന്നും വിഴ്ച കണ്ടെത്തിയ R3/24635/18 നമ്പർ ഫയൽ പരിശോധിച്ചതിൽ ടിയാന്റെ ഭാഗത്ത് നിന്നും സർക്കാരിന്റെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായോ വരുമാനനഷ്ടം ഉണ്ടാക്കുന്നതിനു ഉതകുന്ന ഒന്നുംതന്നെ ഉണ്ടായതായി ബോധ്യപ്പെട്ടിട്ടില്ലാത്തതിനാൽ അച്ചടക്ക നടപടികൾ ഒഴിവാക്കാവുന്നതാണെന്നും പരാമർശം (7) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുന്നു. സൂപ്രണ്ട് ശ്രീമതി.നന്ദിനി.എം.വി-യിൽനിന്നും വിഴ്ച കണ്ടെത്തിയ 2 ഫയലുകൾ പരിശോധിച്ചതിൽ ടിയാരിയുടെ ഭാഗത്ത് നിന്നും സർക്കാർ ഉത്തരവിന് വിരുദ്ധമായോ വരുമാനനഷ്ടത്തിന് കാരണമാകുന്നതോ ആയ ബോധപൂർവ്വമായ വീഴ്ചകൾ ഉണ്ടായതായി ബോധ്യപ്പെട്ടിട്ടില്ലെന്നും ടിയാളുടെ വിശദീകരണം പരിഗണിച്ച് 31/05/2021 ൽ സർവീസിൽ നിന്നും വിരമിച്ച വ്യക്തിയാണ് എന്നത് കണക്കിലെടുത്തും അച്ചടക്ക നടപടി ഒഴിവാക്കാവുന്നതാണെന്നും പരാമർശം (7) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു .

6.വിരമിച്ച സൂപ്രണ്ട് ശ്രീ.പി.എസ്.ആനന്ദന്റെ ഭാഗത്തുനിന്നും വീഴ്ച വന്നെന്ന് കണ്ടെത്തിയ 11 ഫയലുകൾ പരിശോധിച്ചതിൽ ടിയാനിൽനിന്നും കൃത്യവിലോപം വന്നതായും സേവനത്തിൽ നിന്നും 2017 ൽ വിരമിച്ച വ്യക്തിയാണ് എന്നതും മറുപടിയിൽ വിവരിച്ചിട്ടുള്ള ടിയാന്റെ കുടുംബ സാഹചര്യങ്ങളും പരിഗണിച്ച് മാനുഷിക പരിഗണന നൽകിയും അച്ചടക്ക നടപടിയിന്മേൽ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (7) പ്രകാരം റിപ്പോർട്ട് ചെയ്യുന്നു. വിരമിച്ച സൂപ്രണ്ട് ശ്രീ.ദേവരാജന്റെ ഭാഗത്തുനിന്നും വിഴ്ച കണ്ടെത്തിയ DW5/BA/395/14 എന്ന ഫയൽ പരിശോധിച്ചതിൽ ടിയാന്റെ ഭാഗത്ത് നിന്ന് വീഴ്ച ഒന്നും വന്നതായി കണ്ടെത്താൻ സാധിച്ചിട്ടില്ലായെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (7) പ്രകാരം റിപ്പോർട്ട് ചെയ്യുന്നു.

7.വിജിലൻസ് റിപ്പോർട്ടിലെ കണ്ടെത്തലുകൾ, കുറ്റാരോപിതരുടെ മറുപടി, പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ ഉദ്യോഗസ്ഥർ കെട്ടിടങ്ങൾക്ക് നമ്പരിട്ട് കൊടുത്തത് കാരണം സർക്കാരിന് നികുതിയിനത്തിൽ നഷ്ടമുണ്ടാകുന്നു എന്ന ആരോപണത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ

ബ്യൂറോ നടത്തിയ അന്വേഷണത്തിൽ ആരോപിതരായിരുന്ന സൂപ്രണ്ട് ശ്രീ.ജയകുമാർ.വി , സൂപ്രണ്ട് ശ്രീ.പോൾ.ടി.ജെ , റവന്യൂ ഇൻസ്പെക്ടർ ശ്രീ.സുരേഷ് കുമാർ എ, മുൻ റവന്യൂ ഇൻസ്പെക്ടർ ശ്രീ.ബെന്നി.ഇ.ഡി, മുൻ റവന്യൂ ഇൻസ്പെക്ടർ ശ്രീ.സുരേഷ് ബാബു.പി, മുൻ സൂപ്രണ്ട് ശ്രീമതി.നന്ദിനി.എം.വി, വിരമിച്ച സൂപ്രണ്ട് ശ്രീ.ദേവരാജൻ എന്നിവർക്കെതിരായ അച്ചടക്ക നടപടി ഒഴിവാക്കാമെന്ന പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ പരിഗണിച്ച് മേൽ ഉദ്യോഗസ്ഥർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ചും വിരമിച്ച സൂപ്രണ്ട് ശ്രീ.പി.എസ്.ആനന്ദന്റെ ഭാഗത്തുനിന്നും കൃത്യവിലോപം (ഒറ്റത്തവണ നികുതി അടപ്പിക്കുന്നതിന് യാതൊരു പരിശ്രമങ്ങളും ടിയാൻ നടത്തിയിട്ടുള്ളതായി കാണുന്നില്ല) ഉണ്ടായെങ്കിലും ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ മാനുഷിക പരിഗണന നല്കി ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
വിജിലൻസ് വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു2/162/2022-ത.സ്വ.ഭ.വ).

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 18-11-2023 15:41:17
സെക്ഷൻ ഓഫീസർ